## ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ & വയനാട് ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ: ഡോ.അദീല അബ്ദുള്ള, ഐ.എ.എസ്)

**ഉത്തരവ് നം: DCWYD/2909/2020/DM1 (5), തീയതി : 30/03/2020**

കേരളത്തിൽ ലോക്ക്ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ ജില്ലയ്ക്ക് പുറത്തുള്ള മെഡിക്കൽ ഷോപ്പുകളിൽ നിന്നും മരുന്നുകൾ വാങ്ങിക്കൊണ്ടിരിക്കുന്ന രോഗികൾക്ക് അവ വാങ്ങുന്നതിന് കഴിയാതെ വരുന്ന സാഹചര്യം നിലവിലുണ്ട്. ഇത്തരം രോഗികൾക്ക് അവശ്യ മരുന്നുകൾ ലഭ്യമാക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ഉത്തരവാകുന്നു

1. മരുന്നുകൾ ആവശ്യമുള്ളവർ ഇതിനായി ക്രമീകരിച്ചിട്ടുള്ള 04936-203400 എന്ന കാൾ സെന്റർ നമ്പറിലോ, ബന്ധപ്പെട്ട പഞ്ചായത്തിലോ മൊബൈൽ ആപ്ലിക്കേഷൻ മുഖേനയോ വിവരങ്ങൾ നൽകേണ്ടതാണ്.
2. കാൾ സെന്ററുകളിൽ ലഭിക്കുന്ന വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് കാൾ സെന്ററിൽ ചുമതലപ്പെടുത്തിയിട്ടുള്ള ജീവനക്കാർ കൈമാറേണ്ടതാണ്.
3. തദ്ദേശ സ്ഥാപന സെക്രട്ടറിമാർ ഓരോ തദ്ദേശ സ്ഥാപനത്തിലും ഇത്തരത്തിൽ ആവശ്യമായ മരുന്നുകളുടെ വിവരങ്ങൾ, മരുന്ന് ആവശ്യമായ വ്യക്തികളുടെ വിവരങ്ങൾ ഇവ ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ ശേഖരിക്കേണ്ടതും, തദ്ദേശ സ്ഥാപന തലത്തിൽ ക്രോഡീകരിച്ച ലിസ്റ്റ് മെഡിക്കൽ വോളണ്ടിയർ മുഖാന്തിരം ഇതിനായി ജില്ലയിൽ സജ്ജീകരിച്ചിട്ടുള്ള ഡെസിഗ്നേറ്റഡ് മെഡിക്കൽ ഷോപ്പുകളിൽ നിന്നും വാങ്ങേണ്ടതാണ്.
4. വാങ്ങുന്ന മരുന്നുകൾ മെഡിക്കൽ വോളണ്ടിയർ ആളുകൾക്ക് കൈമാറുകയും മരുന്നിന്റെ വിലയും, യാത്രാ ചിലവും അവരിൽ നിന്നും വാങ്ങുകയും ചെയ്യേണ്ടതാണ്.
5. സൗജന്യമായി മരുന്നുകൾ ആവശ്യമുള്ളവർ തൊട്ടടുത്ത പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലാണ് ബന്ധപ്പെടേണ്ടത്. സ്വന്തമായി പണം നൽകി മരുന്നു വാങ്ങുവാൻ കഴിയുന്നവരും എന്നാൽ ലോക്ക്ഡൗൺമൂലം ആയതിന് കഴിയാത്തവരുമായ രോഗികൾക്കാണ് ഇത്തരത്തിൽ സഹായം ലഭ്യമാക്കുക.
6. മരുന്നുകൾ വാങ്ങി നൽകുന്നതിനുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും, കാൾ സെന്റർ മാനേജുമെന്റിനും ഡോ.അസ്ലാം, മൊബൈൽ ഹെൽത്ത് ഡിവിഷൻ, നാഷണൽ ഹെൽത്ത് മിഷൻ, വയനാട് നോഡൽ ഓഫീസറായി പ്രവർത്തിക്കേണ്ടതാണ്.

30/03/2020

ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ
& ജില്ലാ കളക്ടർ, വയനാട്.